# ‘നമ്മൂടെ കർത്താവ് ലോകത്തെ ജയിച്ചവൻ’

## 1 യോഹന്നൻ 5:4

**“ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ.”**

യോഹന്നാന്റെ സുവിശേഷം 16:33 ൽ ഇപ്രകാരം പറയുന്നുണ്ട് “നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.” നമ്മുടെ ചിന്തക്കായുള്ള വചനഭാഗവുമായി ഇതിനെ നാം കൂട്ടി വായിക്കുമ്പോൾ നമുക്കിവിടെ അനവധി ചിന്തകൾ കാണുവാൻ സാധിക്കും. ദൈവത്തിൽ നിന്നു ജനിക്കുക, അവർ ലോകത്തെ ജയിക്കും, നമുക്ക് ദൈവത്തിലുള്ള വിശ്വാസം മൂലം അത് സാധിക്കും എന്നിങ്ങനെ.

യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയക്കാൻ ദൈവം തീരുമാനിച്ചപ്പോൾ ദൈവം അവനു വേണ്ടി ഒരു കന്യകയുടെ ഗർഭാശയത്തെ പരിശുദ്ധാത്മാവിനാൽ നിറെച്ച് അവിടെ സ്വപുത്രനെ ഉരുവാക്കുകയാണുണ്ടായത്. വളരെ നിർമ്മലവും പവിത്രവും വിശുദ്ധവുമായ ഒരു ജനനം. ഇതാണു വാസ്തവത്തിൽ ദൈവത്തിൽ നിന്നുള്ള ജനനത്തിന്റെ സവിശേഷത. പാപികളും ദോഷികളുമായ നാം എങ്ങനെയാണ് ദൈവത്തിൽ നിന്നു ജനിക്കുന്നത്. ദൈവത്തിലും അവന്റെ പ്രവൃത്തിയിലും വിശ്വസിക്കുകയും അവൻ തന്റെ പുത്രനാം ക്രിസ്തുവിനെ ഈ ലോകത്തിലേക്കയച്ചത് എനിക്കു വേണ്ടിയാണെന്നുള്ള ഏറ്റെടുക്കലിലൂടെയുമാണ് നാം വീണ്ടും ജനനം പ്രാപിക്കുന്നത്. അപ്രകാരം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് നാം ശുദ്ധീകരണം പ്രാപിക്കുമ്പോൾ നാം ദൈവത്തിൽ നിന്നു ജനിച്ചവരായി മാറ്റപ്പെടുന്നു.

ക്രിസ്തുവിന്ന് ഈ ലോകത്തെയും സാത്താനെയും ജയിക്കാൻ തന്റെ പിതാവാം ദൈവത്തിലുള്ള വിശ്വാസം മൂലം സാധിച്ചെങ്കിൽ ആ അചഞ്ചല വിശ്വാസത്തെയാണ് അവൻ നമുക്ക് നൽകിയിട്ട് പോയത്. അതിൽ നാം എപ്രകാരം നിലനിൽക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കും നമുക്ക് ലോകത്തെയും സാത്താനെയും ജയിക്കാൻ സാധിക്കുന്നത്. ക്രിസ്തു ഈ വിശ്വാസത്തെ കാണിച്ചുതരുന്നത് അവൻ ഈ ലോകത്തിൽ ആയിരുന്നപ്പോൾ അനുഭവിച്ച കഷ്ടതകളും, പ്രയാസങ്ങളും, പ്രതിസന്ധികളും അതേപോലെ തന്നെ സാത്താനിൽ നിന്നുള്ള നിരന്തരമായ പരീക്ഷണങ്ങളും അവൻ പിതാവാം ദൈവത്തിലുള്ള വിശ്വാസം വഴി എപ്രകാരം ജയം നേടി എന്നുള്ളതു മുൻ

നിർത്തിയാണ്. അതിലൂടെ അവൻ വ്യക്തമാക്കുന്നത് നാം ഈ ലോകത്തിലായിരിക്കുമ്പോൾ ഈ അവസ്ഥകളിലൂടെയെല്ലാം കടന്നു പോകേണ്ടി വരും, എന്നാലും നാം നമ്മുടെ വിശ്വാസത്തിൽ നിന്നു വ്യതിചലിക്കാതെ ദൈവത്തെ മുറുകെപ്പിടിച്ചു ജീവിക്കുവാനാണ് നമ്മോട് ആഹ്വാനം ചെയ്യുന്നത്.

ഈ വകയെല്ലാം നമുക്കു മുന്നമേ ജയിച്ചവനായ കർത്താവിലാണ് നാം ശരണം പ്രാപിക്കുന്നത് എന്നുള്ള കാര്യം നാം മറന്നു പോകരുത്. അവൻ നമ്മുടെ നിത്യ രക്ഷകനും, അഭയകേന്ദ്രവും, മാറ്റമില്ലാത്ത ഒരു അടിസ്ഥാനവുമാണ്. അവന്റെ രക്തം ഈ ലോകത്തിൽ ചൊരിയുക വഴി അവൻ പാപത്തെയും, മരണത്തെയും, പാതാളത്തെയും ജയിച്ചവനാണ്. ഒരുപക്ഷെ അവനിൽ വിശ്വസിക്കുന്നവനെ, അവന്റെ ഭൗതിക ജീവിതത്തെ കീഴ്പ്പെടുത്തുവാൻ ലോകത്തിന്നു സാധിച്ചേക്കും പക്ഷെ അവന്റെ നിത്യതയെയോ കർത്താവിന്റെ മണവാട്ടി എന്നുള്ള സ്ഥാനത്തെയോ നശിപ്പിക്കുവാൻ സാധിക്കില്ല. കാരണം ഈ ലോകത്തിന്മേൽ നമ്മുടെ കർത്താവ് ജയാളിയായി ഇന്നും എന്നും എന്നേക്കും നിലനിൽക്കുന്നു.

തന്റെ ഈ ലോകത്തിലേക്കുള്ള അവതാരവും ജീവിതവും മരണവും പുനരുത്ഥാനവും വഴി ലോകത്തെയും, മരണത്തെയും, പാപത്തെയും, പാതാളത്തെയും ജയിച്ചവനായ ക്രിസ്തുവിൽ നമുക്ക് നമ്മുടെ അടിസ്ഥാനം ഇടാം. അവനാകുന്ന പാറയിൽ നമ്മുടെ ശാശ്വത ഭവനത്തെ നിർമ്മിക്കാൻ നമുക്കുത്സാഹിക്കാം. അവൻ നമ്മുടെ സങ്കേതവും കോട്ടയും ബലവുമാണ്. അവനെ നമുക്കാരാധിക്കാം. ഈ വചനങ്ങളാൽ ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**എഫേസ്യർ 6:10-13**

**“ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനിൽപ്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നിൽപാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ.”**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 083**